പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2376 15.07.2011-ൽ മറുപടിയ്ക്ക്

## ജല കായിക മത്സരങ്ങൾക്ക് സാമ്പത്തിക സഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.തോമസ് ചാണ്ടി | ശ്രീ.എ.പി.അനിൽകുമാർ (പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) കേരളത്തിൽ ഇന്നു നടക്കുന്ന എല്ലാ ജല കായിക മത്സരങ്ങൾക്കും (വള്ളംകളി) സർക്കാർ സാമ്പത്തിക സഹായം നൽകി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) കേരളത്തിൽ ഇന്ന് നടന്നുവരുന്ന പ്രധാനപ്പെട്ട ജലകായിക മത്സരങ്ങൾക്കും മേളകൾക്കും ടൂറിസം വകുപ്പ് ധനസഹായം നൽകിവരുന്നുണ്ട്. വള്ളംകളി മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് സംസ്ഥാന സ്പോർട്സ് കൗൺസിലും ഗ്രാന്റ് നൽകിവരുന്നുണ്ട്. |
| ബി) ബോട്ട് ക്ളബ്ബുകളുടെ നിലനിൽപ്പിന് സർക്കാർ ഗ്രാന്റ് അനുവദിക്കുമോ; | ബി) 2008-ലെ സ്പോർട്സ് ചട്ടങ്ങൾ പ്രകാരം സ്പോർട്സ് കൗൺസിലിൽ രജിസ്റ്റർ ചെയ്യുന്ന ബോട്ട് ക്ളബ്ബുകൾക്ക് സ്പോർട്സ് കൗൺസിലിൽ നിന്നും ആനുകൂല്യങ്ങൾ ലഭിയ്ക്കാനുള്ള അർഹത ഉണ്ടായിരിക്കുന്നതാണ്. |
| സി) ജലകായിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും വഞ്ചിപ്പാട്ടുകാർക്കും പെൻഷനും ക്ഷേമ പദ്ധതിയും നടപ്പിലാക്കുമോ? | സി) അവശത അനുഭവിക്കുന്ന മുൻകാല കായിക താരങ്ങൾക്ക് പെൻഷൻ നൽകുന്ന സ്കീം കേരള സ്പോർട്സ് കൗൺസിലിൽ നിലവിലുണ്ട്. കായികതാരങ്ങൾക്ക് ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിച്ച് വരുന്നു. ഇത് ജലകായിക രംഗത്ത് പ്രവർത്തിക്കുന്നവർക്കും ബാധകമാക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ